**141/2025**

| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. Match the following :

| | | | |
|---|---|---|---|
| (i) | The test of my life | 1. | Abhinav Bindra |
| (ii) | A Shot at History | 2. | Yuvraj Singh |
| (iii) | Ace Against Odds | 3. | P.T. Usha |
| (iv) | Golden Girl | 4. | Sania Mirza |

(A) (i)-4, (ii)-1, (iii)-3, (iv)-2
(B) (i)-2, (ii)-1, (iii)-4, (iv)-3
(C) (i)-3, (ii)-4, (iii)-2, (iv)-1
(D) (i)-1, (ii)-3, (iii)-2, (iv)-4

2. Which among the following political party used oil lamp as an election symbol in its elections upto 1977?

(A) Rashtriya Lok Dal
(B) Shiv Sena
(C) Jan Sangh
(D) Forward Bloc

3. Which among the following statements are not correct about Olympic games?

(a) The History Olympic games started in ancient Greece around 776 B.C
(b) 1900 Women were firstly permitted to participate Olympic games
(c) Pierre de Coubertin was the first President of International Olympic Committee
(d) Olympic flame and torch relay were first introduced to the Summer Olympics at Paris in 1924

(A) (a), (b) only
(B) (a), (c) only
(C) (c), (b) only
(D) (c), (d) only

4. Which among the following is the main purpose of the 'Shaili' app launched by Government of Kerala?

(A) Public safety of women
(B) For Local self government department
(C) For screening life style disease
(D) Buy and Sell platform for the public

5. Who wrote the work titled *Ecological Journeys* : *The Science and Politics of Conservation in India*?

(A) Madhav Gadgil
(B) Ramachandra Guha
(C) Vandana Shiva
(D) K.A. Subramaniyan

6. Which among the following are correct statements?

(a) Ministry of Health and family welfare is an entrusted by the government to conduct NATIONAL ELIGIBILITY CUM ENTRANCE TEST (NEET)

(b) As per the National Commission for Indian System of Medicine Act, 2020, there shall be a uniform NEET (UG) for admission to undergraduate courses in each of the disciplines i.e. BAMS, BUMS and BSMS.

(c) K. Radhakrishnan Committee has been pointed by supreme court to recommend reforms for conducting exams under National Testing Agency

(A) (a), (b), (c)
(B) (a) and (b) only
(C) (b) and (c) only
(D) (b) only

7. Which among the following statements are true about Zero Debris Charter?

(a) Zero Debris Charter is an initiative taken by NASA to achieving debris-neutral space activities by 2030.

(b) Twelve nations signed the Zero Debris charter on 22nd May 2024

(c) India is the eight nation which signed this charter

(d) The vast majority of orbital debris comes from just three countries namely Russia, China and America

(A) (a), (b), (d) only
(B) (a), (c) only
(C) (b), (d) only
(D) (b), (c) only

8. Match the following - Awards and winners :

| | | | |
|---|---|---|---|
| (a) | Pulitzer Prize | 1. | Jenny Erpenbeck |
| (b) | Men Booker Prize | 2. | Jayne Anne Phillips |
| (c) | Kluge Prize | 3. | Mircea Cărtărescu |
| (d) | Dublin Literary award | 4. | Kwame Anthony Appiah |

(A) (a)-4, (b)-1, (c)-3, (d)-2
(B) (a)-3, (b)-4, (c)-2, (d)-1
(C) (a)-2, (b)-1, (c)-4, (d)-3
(D) (a)-1, (b)-3, (c)-2, (d)-4

9. Which among the following Central Public Sector Enterprises (CPSEs) company has received the Navaratna status from Government of India and listed as 18th Navaratna Company in 2024?

(A) Bharat Electronics Limited
(B) Hindustan Aeronautics Limited
(C) Indian Renewable Energy Development Agency
(D) Mazagon Dock Ship Builders

10. Which among the following country joined along with Indian army to conduct Military exercise called 'nomadic elephant' at Meghalaya on July 2024?

(A) Thailand
(B) Mangolia
(C) France
(D) Vietnam

**11.** Which among the following statement are true?

(a) Rajahmundri Social Reform Association established in 1878 with the aim of promoting of widow remarriage as its aim objective.

(b) Rajahmundri Social Reform Association was established by Veeresalingam Pantulu.

(c) Veeresalingam Pantulu started a journal titled *Indian Social Reformer* in 1890.

(A) (a), (b), (c) are correct
(B) (a) and (b) only
(C) (a) and (c) only
(D) (b) and (c) only

**12.** Who among the following was a Prussian Protestant Missionary carried out educational activities in Nagercoil and the nearby regions of South Travancore during the early decades of the $19^{th}$ century?

(A) Reverent Mede
(B) Samuel Mateer
(C) Henry Baker
(D) William Tobias Ringeltaube

**13.** Which among the following statements about the social reformer Chattampi Swamikal is correct?

I. Chattampi Swamikal tried to raise social consciousness against such social evils like untouchability, subcaste barriers and observance of such irrational practices as Talikettukalyanam, Tirandukuli etc.

II. Chattampi Swamikal espoused the philosophy of Advaitha Vedanta while opposing scriptural monopoly enjoyed by a particular community.

III. Chattampi Swamikal authored works like Advaita Chinthapaddhathi, Vedadhikara Nirupanam, Pracheena Malayalam etc.

IV. The year 2023-24 is being observed as the centenary of the Samadhi of Chattampi Swamikal

(A) I and II
(B) I, II and III
(C) I and IV
(D) All of the above

**14.** Who among the following political journalists active during the early decades of the $20^{th}$ Century published the biographies of Karl Marx and Mohandas Karam Chand Gandhi in Malayalam?

(A) Mithavadi Krishnan
(B) Moorkoth Kumaran
(C) C.V. Kunhiraman
(D) Swadeshabhimani Ramakrishna Pillai

**15.** Go through the following table and find out the wrongly matched pair in it :

| | | | |
|---|---|---|---|
| I. | Mrs. Collins | : | Ghathaka Vadham |
| II. | Archdeacon Koshi | : | Pullelikunchu |
| III. | Appu Nedungadi | : | Meenaketanacharitam |
| IV. | Potheri Kunhambu | : | Saraswathi Vijayam |

(A) I
(B) II
(C) III
(D) IV

**16.** Which of the following statement(s) is/are correct about a learner with intrapersonal intelligence?

(i) Set aside time to reflect on new ideas and information

(ii) Read out plays aloud

(iii) Read inspirational books

(A) Only (i) and (ii)
(B) All of the above (i), (ii), (iii)
(C) Only (ii) and (iii)
(D) Only (i) and (iii)

**17.** Learning to ride a bike, Learning to tie shoes, Learning a new language are scenarios of :

(A) Blended Instruction
(B) Scaffolded Instruction
(C) Anchored Instruction
(D) Indirect Instruction

**18.** In the context of skill acquisition, "link practice" refers to :

(A) Practicing a skill as a whole from start to finish without breaking it down into parts.
(B) Practicing separate parts of a skill in isolation without any integration.
(C) Gradually connecting practiced parts of a skill into longer sequences until the complete skill can be performed.
(D) Repeating only the easiest part of a skill to build confidence before attempting the whole skill.

**19.** Which among the following statements is not a question stem of the level "Evaluate" from Revised Blooms Taxonomy?

(i) Can you defend your position about….?

(ii) Can you suggest a possible solution to ....?

(iii) How many ways can you...?

(iv) How would you feel if...?

(A) Only (ii) and (iii)
(B) Only (i) and (iv)
(C) Only (i) and (ii)
(D) All the above (i), (ii), (iii), (iv)

**20.** During a professional teaching workshop, teachers are asked to collaboratively plan a learning activity that applies the maxim of correlation with other subjects to foster deeper student understanding. Which of the following teacher-designed plans demonstrates the most effective and sophisticated application of this maxim?

(A) Creating a thematic learning module where students investigate a community issue by drawing on concepts from different subjects, and requiring them to design a comprehensive action plan that incorporates social, ethical, economic and technological perspectives.

(B) Teaching a single topic thoroughly in one subject and later giving students a list of other subjects where similar concepts might appear, without requiring them to actively work across disciplines.

(C) Assigning group projects in different subjects simultaneously, but with no coordination or discussion among teachers to link the objectives or processes across those subjects.

(D) Providing students with general reading materials from multiple subjects on a similar topic, but assessing each subject's content separately without requiring synthesis.

21. താഴെ പറയുന്നവയിൽ 'നഗരവിപ്ലവത്തിന്റെ' (Urban Revolution) സവിശേഷത അല്ലാത്തത് ഏത്?

(A) എഴുത്തിന്റെ കണ്ടുപിടിത്തം
(B) സമൂഹത്തിന്റെ വർഗ്ഗീകരണം
(C) കൃഷിയും മൃഗപരിപാലനവും
(D) അളവ് തൂക്ക സാമഗ്രികളുടെ ഉപയോഗം

22. 'A People's History of the United States' എന്ന പുസ്തകത്തിന്റെ രചയിതാവ് :

(A) എറിക് ഹോബ്സ്ബാം
(B) ജോർജ്ജ് എച്ച് സ്മിത്ത്
(C) ഇ.പി. തോംസൺ
(D) ഹോവാർഡ് സിൻ

23. "History is an unending dialogue between the present and the past" എന്ന് ചരിത്രത്തെ നിർവ്വചിച്ചതാര്?

(A) ബെനെഡെറ്റോ ക്രോച്ചേ
(B) തോമസ് കാർലൈൽ
(C) ഇ.എച്ച്. കാർ
(D) ഫ്രാൻസിസ് ബേക്കൺ

24. താഴെ നൽകിയിരിക്കുന്ന രണ്ട് പ്രസ്താവനകൾ, ഒന്ന് വാദം (A) എന്നും മറ്റൊന്ന് കാരണം (R) എന്നും ലേബൽ ചെയ്തിരിക്കുന്നു.

വാദം (A) : 1789 ഫ്രഞ്ച് വിപ്ലവം ആരംഭിച്ചു
കാരണം (R) : ഫ്രഞ്ച് സമൂഹം മൂന്ന് എസ്റ്റേറ്റുകളായി വിഭജിച്ചിരുന്നു

(A) (A) യും (R) ഉം ശരി, എന്നാൽ (R), (A) യുടെ ശരിയായ വിശദീകരണവുമാണ്
(B) (A) യും (R) ഉം ശരിയാണ്, എന്നാൽ (R), (A) യുടെ യഥാർത്ഥ വിശദീകരണമല്ല
(C) (A) ശരിയാണ്, എന്നാൽ (R) തെറ്റാണ്
(D) (A) തെറ്റാണ്, എന്നാൽ (R) ശരിയാണ്

25. താഴെ പറയുന്നവയിൽ 'Social Contract' സിദ്ധാന്തവുമായി ബന്ധപ്പെടാത്ത വ്യക്തി :

(A) മാക്യവല്ലി
(B) ജോൺ ലോക്ക്
(C) തോമസ് ഹോബ്സ്
(D) റൂസ്സോ

26. ഗോവ ആക്രമിച്ച് കീഴടക്കിയ പോർച്ചുഗീസ് ഗവർണ്ണർ :

(A) വാസ്കോഡഗാമ
(B) പെഡ്രോ അൻവാരിസ് കബ്രാൾ
(C) അൽഫോൻസോ ഡി അൽബുക്കർക്ക്
(D) ഡ്വാർത്തേ ബാർബോസ

27. താഴെ പറയുന്നവരിൽ ദേശീയതയുമായി ബന്ധപ്പെട്ട് 'constructionist' സമീപനം സ്വീകരിക്കാത്ത ചരിത്രകാരൻ :

(A) എറിക് ഹോബ്സ്ബാം
(B) എലീ കെഡൂരി
(C) ഏണസ്റ്റ് ഗെൽനർ
(D) ആന്റണി ഡി സ്മിത്ത്

28. 'The New Deal' ആരംഭിച്ച അമേരിക്കൻ പ്രസിഡന്റ് :

(A) ഹെർബർട്ട് ഹ്യൂവർ
(B) ഹാരി എസ് ട്രൂമാൻ
(C) വുഡ്രോ വിൽസൺ
(D) ഫ്രാങ്ക്ലിൻ ഡി റൂസ്‌വെൽറ്റ്

29. പ്രശസ്ത സംഗീതജ്ഞനായ ലുഡ്വിഗ് വാൻ ബീഥോവൻ തന്റെ സിംഫണി 3 (Eroica Symphony) സമർപ്പിച്ച ഒരേ ഒരു ചക്രവർത്തി :

(A) മരിയ തെരേസ
(B) നെപ്പോളിയൻ ബോണപ്പാർട്ട്
(C) വിക്ടോറിയ രാജ്ഞി
(D) ലൂയി പതിനാറാമൻ

30. 'മ്യൂണിപ്പ്' ഉടമ്പടിയുമായി ബന്ധമില്ലാത്ത യൂറോപ്യൻ രാഷ്ട്രീയ നേതാവ് :

(A) വിൻസ്റ്റൺ ചർച്ചിൽ
(B) അഡോൾഫ് ഹിറ്റ്ലർ
(C) ബെനിറ്റോ മുസ്സോളിനി
(D) നെവിൽ ചേംബർലിൻ

31. ഋഗ്വേദവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?

(i) ഋഗ്വേദയിലെ രണ്ട് മുതൽ ഏഴുവരെ ഉള്ള മണ്ഡലങ്ങളെ കുടുംബപുസ്തകങ്ങൾ എന്നറിയപ്പെടുന്നു
(ii) ഋഗ്വേദം ആരംഭിക്കുന്നത് അഗ്നിമീള പുരോഹിതമന്ത്രത്തോട് കൂടിയാണ്
(iii) ഗായത്രി മന്ത്രം ഋഗ്വേദത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്
(iv) ഋഗ്വേദത്തെ ബ്രഹ്മദേവ എന്നറിയപ്പെടുന്നു

(A) (i), (ii), (iii) മാത്രം ശരിയാണ്
(B) (i), (ii), (iv) മാത്രം ശരിയാണ്
(C) (ii), (iii), (iv) മാത്രം ശരിയാണ്
(D) (i), (iii), (iv) മാത്രം ശരിയാണ്

32. താഴെ പറയുന്നവരിൽ ഗുപ്ത കാലഘട്ടത്തിലെ നവരത്നങ്ങളിൽ ഉൾപ്പെടാത്തത് ആര്?

(A) അമരസിംഹൻ
(B) അശ്വഘോഷൻ
(C) വരരുചി
(D) വരാഹമിഹിരൻ

33. താഴെ പറയുന്നവയിൽ ഗിയാസുദ്ദീൻ ബാൽബൻ കൊണ്ടുവന്ന ആചാരങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) സിജ്ദ
(B) ജരോഖ ദർശൻ
(C) പൈബോസ്
(D) നവ്റോസ്

34. 1773 ലെ റെഗുലേറ്റിംഗ് ആക്ടുമായി ബന്ധമില്ലാത്ത പ്രസ്താവനകൾ ഏതെല്ലാം?
(i) ബംഗാൾ ഗവർണ്ണറെ ഗവർണ്ണർ ജനറൽ ഓഫ് ബംഗാൾ ആയി ഉയർത്തി
(ii) കൽക്കട്ടയിൽ ഒരു സുപ്രീംകോടതി സ്ഥാപിച്ചു
(iii) ബ്രിട്ടീഷ് ഗവണ്മെന്റിന് വേണ്ടി ഭരണം നടത്താൻ ഒരു ബോർഡ് ഓഫ് കൺട്രോൾ രൂപീകരിച്ചു
(iv) ഗവർണ്ണർ ജനറലിന്റെയും ഗവർണ്ണർമാരുടെയും കൗൺസിലുകളിലെ അംഗത്വം മൂന്നായി കുറച്ചു

(A) (i), (ii)
(B) (ii), (iii)
(C) (i), (iii)
(D) (iii), (iv)

35. താഴെ പറയുന്ന സ്വാതന്ത്ര്യസമര സേനാനികളെയും അവരുടെ പത്രങ്ങളെയും സാമ്യപ്പെടുത്തുക :

| | | | |
|---|---|---|---|
| (i) | മഹാത്മാഗാന്ധി | (1) | ന്യൂ ഇന്ത്യ |
| (ii) | ബാലഗംഗാധര തിലക് | (2) | നാഷണൽ ഹെറാൾഡ് |
| (iii) | ജവഹർലാൽ നെഹ്റു | (3) | ഇന്ത്യൻ ഒപ്പീനിയൻ |
| (iv) | ആനി ബസന്റ് | (4) | കേസരി |

(A) (i) – (3), (ii) – (1), (iii) – (4), (iv) – (2)
(B) (i) – (2), (ii) – (4), (iii) – (1), (iv) – (3)
(C) (i) – (3), (ii) – (4), (iii) – (2), (iv) – (1)
(D) (i) – (2), (ii) – (4), (iii) – (3), (iv) – (1)

36. കേരളത്തെ കുറിച്ച് പരാമർശിക്കുന്ന ആരണ്യകം ഏതാണ്?

(A) ഐതരേയ ആരണ്യകം
(B) ബൃഹത്ത് ആരണ്യകം
(C) ജൈമിനിയ ആരണ്യകം
(D) തൈതാരീയ ആരണ്യകം

37. കണ്ണകി ആരാധന ആരംഭിച്ച ചേര രാജാവ് ആര്?

(A) ഉദിയൻചേരലാതൻ
(B) ഇളങ്കോഅടികൾ
(C) ചേരൻ ചെങ്കുട്ടുവൻ
(D) നെടുംചേരലാതൻ

38. പഴശ്ശി കലാപവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
(i) ഒന്നാം പഴശ്ശി കലാപം 1795 മുതൽ 1799 വരെ ആയിരുന്നു
(ii) ഒന്നാം പഴശ്ശി കലാപം അവസാനിപ്പിക്കാൻ മധ്യസ്ഥത വഹിച്ചത് ചിറക്കൽ രാജാവാണ്
(iii) വയനാട് പിടിച്ചെടുക്കാനുള്ള ബ്രിട്ടീഷുകാരുടെ ശ്രമമാണ് രണ്ടാം പഴശ്ശി കലാപത്തിന്റെ കാരണം
(iv) ഇംഗ്ലീഷ് ജനറൽ ആർതർ വെല്ലസ്ലിയാണ് പഴശ്ശി കലാപം അടിച്ചമർത്താൻ നേതൃത്വം നൽകിയത്

(A) (i), (ii), (iii) ശരിയാണ്
(B) (ii), (iii), (iv) ശരിയാണ്
(C) (i), (iii), (iv) ശരിയാണ്
(D) (i), (ii) & (iv) മാത്രം ശരിയാണ്

**39.** കേരള സാമൂഹ്യപരിഷ്കർത്താവായ അയ്യങ്കാളിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടാത്തത് ഏത്?

(i) സവർണ്ണരെ വെല്ലുവിളിച്ചുകൊണ്ട് വില്ലുവണ്ടി യാത്ര നടത്തി

(ii) കല്ലുമാല സമരത്തിനു നേതൃത്വം നൽകി

(iii) 1917-ൽ പന്തിഭോജന സമരം നടത്തി

(iv) അധഃസ്ഥിത വിഭാഗത്തിനായി വെങ്ങാന്നൂരിൽ പ്രൈമറി സ്കൂൾ ആരംഭിച്ചു

(A) (i), (ii) മാത്രം (B) (ii) മാത്രം
(C) (iii) മാത്രം (D) (iii), (iv) മാത്രം

**40.** ഐക്യകേരള പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?

(i) 1947 ഏപ്രിലിൽ ഐക്യകേരള കോൺഫറൻസ് കെ. കേളപ്പന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ വെച്ച് നടന്നു

(ii) 1949 ജൂലൈ 1 തിരുവിതാംകൂർ-കൊച്ചി സംയോജനം നടന്നു

(iii) കേരള സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട വിഭിന്ന അഭിപ്രായത്തെത്തുടർന്ന് കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയെ മലബാർ പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയെന്നും തിരു-കൊച്ചി പ്രദേശ് കമ്മിറ്റിയെന്നും രണ്ടായി വിഭജിച്ചു

(iv) സൗത്ത് കാനറാ ഡിസ്ട്രിക്ടിന്റെ ഭാഗമായിരുന്ന കാസർഗോഡ് കേരളത്തോട് കൂട്ടി ചേർത്തു.

(A) (i), (ii), (iii) ശരിയാണ് (B) (ii), (iii), (iv) ശരിയാണ്
(C) (i), (ii), (iv) ശരിയാണ് (D) എല്ലാം ശരിയാണ്

**41.** വിലയുടെ വിവിധ ശ്രേണികളിൽ അളക്കുന്ന വില ഇലാസ്തികത :

(A) ക്രോസ് ഇലാസ്തികത (B) പോയിന്റ് ഇലാസ്തികത
(C) ആർക്ക് ഇലാസ്തികത (D) മേൽപ്പറഞ്ഞവയെല്ലാം

**42.** യൂട്ടിലിറ്റി എന്ന ആശയം ഉപയോഗിക്കേണ്ടതില്ലാത്തതും നിസ്സംഗതാ വക്രങ്ങളുടെ നിലനിൽപ്പും കോൺവെക്സിറ്റിയും തെളിയിക്കുന്നതും ഏത് ഡിമാൻഡ് സിദ്ധാന്തത്തിലാണ്?

(A) ഉപഭോക്തൃ മിച്ചം (B) റിവീൽഡ് പ്രിഫറൻസ്
(C) ലങ്കാസ്റ്ററിന്റെ സിദ്ധാന്തം (D) മേൽപ്പറഞ്ഞവയൊന്നുമല്ല

**43.** ദീർഘകാല ചെലവ് വക്രത്തെ പ്ലാനിംഗ് കർവ്വ് എന്ന് വിളിക്കുന്നു. കാരണം :

(A) ഭാവി ആസൂത്രണ തീരുമാനങ്ങളിൽ സംരംഭകന് ഇത് ഒരു വഴികാട്ടിയാണ്.

(B) ഇത് ഒപ്റ്റിമൽ പ്ലാന്റ് വലുപ്പം തീരുമാനിക്കാൻ സഹായിക്കുന്നു

(C) ഒരു സ്ഥാപനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ അതിന്റെ എല്ലാ ഇൻപുട്ടുകളും ക്രമീകരിക്കാൻ കഴിയും

(D) മേൽപ്പറഞ്ഞവയെല്ലാം

44. താഴെ പറയുന്നവയിൽ ഏതാണ് സത്യമല്ലാത്ത ഐഡന്റിറ്റി?

(A) വിപണി വിലയിലെ ജിഡിപി = മൊത്ത മൂല്യവർദ്ധിതം + പരോക്ഷ നികുതികൾ – സബ്സിഡികൾ

(B) ജിഡിപി ഫാക്ടർ കോസ്റ്റ് = വിപണി വിലയിലെ ജിഡിപി – പരോക്ഷ നികുതികൾ + സബ്സിഡികൾ

(C) എൻഡിപി = ജിഡിപി – സ്ഥിര മൂലധന ഉപഭോഗം

(D) മൊത്തം മൂല്യവർദ്ധനവ് = ഔട്ട്പുട്ട് + ഇന്റർമീഡിയറ്റ് ഉപഭോഗം

45. സാമ്പത്തിക വിശകലനത്തിന്റെ ഇൻഡക്റ്റീവ് രീതിയെക്കുറിച്ച് താഴെപ്പറയുന്നവയിൽ ഏതാണ് വാലിഡ്?

(A) സ്റ്റാറ്റിക്

(B) അനുഭവപരമായ

(C) സ്റ്റാറ്റിസ്റ്റിക്കൽ രീതികളെ അവഗണിക്കുന്നു

(D) സാങ്കൽപ്പികം

46. താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി? ഒരു ഉൽപ്പന്നത്തിന്റെ വിലയുമായി ബന്ധപ്പെട്ട് അതിന്റെ ഡിമാൻഡിന്റെ ഇലാസ്തികതയുടെ അടിസ്ഥാന നിർണ്ണായക ഘടകങ്ങൾ ഇവയാണ് :

(i) പകരക്കാരുടെ ലഭ്യത

(ii) ചരക്ക് തൃപ്തിപ്പെടുത്തുന്ന ആവശ്യത്തിന്റെ സ്വഭാവം

(iii) കാലയളവ്

(iv) ഉപയോഗങ്ങളുടെ എണ്ണം

(A) Only (i) and (ii)
(B) Only (i) and (iii)
(C) Only (i), (ii) and (iii)
(D) മേൽപ്പറഞ്ഞവയെല്ലാം

47. താരതമ്യ നേട്ടത്തെക്കുറിച്ചുള്ള റിക്കാർഡിയൻ സിദ്ധാന്തം അവസരച്ചെലവിന്റെ കാര്യം അനുമാനിക്കുന്നത് :

(A) കൂടുന്നു
(B) സ്ഥിരമായി
(C) കുറയുന്നു
(D) മേൽപ്പറഞ്ഞവയൊന്നുമല്ല

48. ഏത് നിയമപ്രകാരമാണ് പ്രാദേശിക ഗ്രാമീണ ബാങ്കുകൾ സ്ഥാപിക്കുന്നത്?

(A) ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949

(B) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട് 1955

(C) റീജിയണൽ റൂറൽ ബാങ്ക് ആക്ട് 1976

(D) ബാങ്കിംഗ് കമ്പനീസ് ആക്ട് 1980

49. ആർബിഐ-യെക്കുറിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) ധനനയ രൂപീകരണവും നടപ്പാക്കലും
(ii) 1999 ലെ വിദേശനാണ്യ മാനേജ്മെന്റ് ആക്ട് കൈകാര്യം ചെയ്യുക
(iii) കറൻസി നോട്ടുകൾ മാറ്റി നശിപ്പിക്കുന്നു
(iv) സുരക്ഷിതവും കാര്യക്ഷമവുമായ പേയ്മെന്റ് സംവിധാനങ്ങളുടെ ആമുഖവും നവീകരണവും

(A) Only (i)
(B) Only (i) and (ii)
(C) Only (i) and (iii)
(D) മേൽപ്പറഞ്ഞവയെല്ലാം

50. ഒരു വേരിയബിളിലെ മാറ്റത്തിന്റെ അളവ് മറ്റൊരു വേരിയബിളിലെ മാറ്റത്തിന്റെ അളവിന് ഒരു സ്ഥിരമായ അനുപാതം വഹിക്കുന്നുവെങ്കിൽ, പരസ്പരബന്ധം ഇങ്ങനെ പറയപ്പെടുന്നു :

(A) ലളിതം
(B) രേഖീയം
(C) രേഖീയമല്ലാത്തത്
(D) ഭാഗികം

51. ശിവരാമൻ സമിതി ശുപാർശ പ്രകാരം നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡവലപ്മെന്റ് (NABARD) ഏത് പഞ്ചവത്സര പദ്ധതി കാലത്തിലാണു സ്ഥാപിതമായത്?

(A) അഞ്ചാം പദ്ധതി (1974-79)
(B) ആറാം പദ്ധതി (1980-85)
(C) ഏഴാം പദ്ധതി (1985-90)
(D) എട്ടാം പദ്ധതി (1992-97)

52. ഭാരതത്തിലെ വരുമാന-അസമത്വം (Income Inequality) വർദ്ധിക്കുന്നത് പ്രധാനമായും ഏത് കാരണത്താലാണ്?

(A) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിൽ വരുന്ന അനിശ്ചിത മാറ്റങ്ങൾ
(B) വ്യവസായ മേഖലയിലെ സമ്പത്ത് കുറച്ച് സ്ഥാപനങ്ങളിൽ കേന്ദ്രീകരിക്കുന്നത്
(C) സമ്പദ് വ്യവസ്ഥയുടെ വളർച്ച സമാനമായി വിതരണം ചെയ്യപ്പെടാത്തത്
(D) സർക്കാരിന്റെ സാമൂഹ്യക്ഷേമ ചെലവുകളിൽ കുറവ് വരുത്തുന്നത്

53. ഇന്ത്യയിൽ കാർഷിക മേഖലയിലെ ജിഡിപി (GDP) സംഭാവന വർഷങ്ങളായി കുറയുമ്പോഴും, തൊഴിലാളികളുടെ വലിയൊരു ശതമാനം ഇപ്പോഴും കൃഷിയെ തന്നെയാണ് ആശ്രയിക്കുന്നത്. ഈ സാഹചര്യം പ്രധാനമായും എന്തിനെ സൂചിപ്പിക്കുന്നു?

(A) കൃഷി രാജ്യത്തെ ഏറ്റവും ലാഭകരമായ മേഖലയാണ്
(B) കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത കുറഞ്ഞതിനാൽ മറഞ്ഞ തൊഴിലില്ലായ്മ (Disguised Unemployment) കൂടുതലാണ്
(C) കൃഷിയിൽ വ്യാപകമായ യന്ത്രവൽക്കരണം (Mechanisation) നടന്നു
(D) വ്യവസായവൽക്കരണം കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല

54. "സുസ്ഥിര വികസനം" (Sustainable Development) എന്ന ആശയത്തിന് ഇന്ത്യയിൽ പ്രാധാന്യമുള്ളത് എന്തുകൊണ്ട്?

(A) പ്രകൃതി വിഭവങ്ങളുടെ ദ്രുതക്ഷയം
(B) ഉയരുന്ന ജനസംഖ്യാ സമ്മർദ്ദം
(C) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത
(D) മുകളിൽ പറയുന്ന എല്ലാ കാരണങ്ങളും

55. താഴെ കൊടുത്തിരിക്കുന്ന രാജ്യങ്ങളെ മനുഷ്യവികസന സൂചിക (HDI) മൂല്യം ഏറ്റവും കൂടുതലിൽ നിന്ന് കുറഞ്ഞവ വരെ ക്രമീകരിക്കൂ :

(A) നോർവേ > ജപ്പാൻ > ചൈന > ഇന്ത്യ
(B) ജപ്പാൻ > നോർവേ > ഇന്ത്യ > ചൈന
(C) നോർവേ > ചൈന > ജപ്പാൻ > ഇന്ത്യ
(D) ചൈന > നോർവേ > ജപ്പാൻ > ഇന്ത്യ

56. 1987 ലെ ബ്രുൻഡ്‌ലാൻഡ് (Brundtland Report) ഏത് വിഷയത്തോട് ബന്ധപ്പെട്ടതാണ്?

(A) സുസ്ഥിര വികസനം
(B) ബാങ്കിംഗ് മേഖലയിലെ പരിഷ്കാരങ്ങൾ
(C) ജി.എസ്.ടി പരിഷ്കാരങ്ങൾ
(D) അന്താരാഷ്ട്ര വ്യാപാരം

57. ആഡംബര വസ്തുക്കളിലും 'സിൻ ഗുഡ്സിലും' (Luxury & Sin goods) സാധാരണയായി ഏത് തരത്തിലുള്ള നികുതി ആണ് ചുമത്താറുള്ളത്?

(A) അഡ്വലോറം നികുതി
(B) പ്രോഗ്രസ്സീവ് നികുതി
(C) സ്പെസിഫിക് നികുതി
(D) റിഗ്രസീവ് നികുതി

58. സാമൂഹിക സൂചികകളെ (Social Indicators) സംബന്ധിച്ചുള്ള 'കേരള മോഡൽ' ന്റെ പ്രധാന നേട്ടം താഴെ പറയുന്നവയിൽ ഏതാണ്?

(A) ദേശീയ ശരാശരിയേക്കാൾ കൂടിയ സ്ഥിരതയുള്ള വ്യക്തിഗത വരുമാനം
(B) ഇന്ത്യയിലെ ഉയർന്ന തരത്തിലുള്ള മാനവ വികസനസൂചിക (HDI) സ്കോറുകൾ
(C) സാമ്പത്തിക അസമത്വത്തിന്റെ പൂർണ്ണ നീക്കം
(D) വളർച്ചയ്ക്ക് പൂർണ്ണമായും സർവ്വീസ് മേഖലയിൽ ആശ്രയം

59. കേരളത്തിലെ നഗരവൽക്കരണ പ്രവണതയിൽ ഭാവിയിൽ ഏതാണ് ഏറ്റവും അനുയോജ്യം?

(A) നഗര ജനസംഖ്യ കുറയും
(B) കേരളം ഏറ്റവും കുറവ് നഗരവൽക്കരിച്ച സംസ്ഥാനങ്ങളിലൊന്നായി മാറും
(C) നഗരജനസംഖ്യ വേഗത്തിൽ വളർന്ന് ഉയർന്ന നഗരവൽക്കരണ നിലയിൽ എത്തും
(D) നഗരവളർച്ച മന്ദഗതിയിൽ തുടരും

60. നീതി ആയോഗിനെക്കുറിച്ച് താഴെപ്പറയുന്നവയിൽ ഏതാണ് ശരി?

(A) പ്ലാനിംഗ് കമ്മീഷനെപോലെ സംസ്ഥാനങ്ങൾക്ക് ധനം നൽകാനുള്ള അധികാരം ഉണ്ട്
(B) അനുച്ഛേദം 280 പ്രകാരം ഭരണഘടനാപരമായ സ്ഥാപനമാണ്
(C) സാമ്പത്തികനയം നടപ്പാക്കുന്നത് അതിന്റെ ഉത്തരവാദിത്വമാണ്
(D) സർക്കാർ നയങ്ങൾ രൂപീകരിക്കാൻ പ്രവർത്തിക്കുന്ന ചിന്താശക്തി കേന്ദ്രവും ഉപദേശക സമിതിയും ആണ്

61. താഴെപ്പറയുന്നവയിൽ ഏതാണ് രാഷ്ട്രീയത്തിന്റെ അധികാരത്തിന്റെ പ്രധാന ഘടകം അല്ലാത്തത്?

(i) നിർബന്ധം
(ii) പ്രേരണ
(iii) സമവായം
(iv) കൃത്രിമത്വം

(A) (i) മാത്രം
(B) (iii) & (iv)
(C) (iii) മാത്രം
(D) (i) & (iv)

62. ഭരണകല എന്ന നിലയിൽ രാഷ്ട്രീയത്തിൽ ഉൾപ്പെടുന്നവ :

(i) അധികാരം നിലനിർത്താൻ ബലപ്രയോഗം
(ii) വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിലുള്ള ചർച്ചയും വിട്ടുവീഴ്ചയും
(iii) വ്യക്തിപരമായ താൽപ്പര്യങ്ങൾ പിന്തുടരൽ
(iv) രാഷ്ട്രീയ പ്രശ്നങ്ങളിൽ ശാസ്ത്രീയ തത്വങ്ങളുടെ പ്രയോഗം

(A) (iii) മാത്രം
(B) (ii) & (iv)
(C) (i) & (iv)
(D) (ii) & (iii)

63. ഗബ്രിയേൽ ആൽമണ്ടും സിഡ്നി വെർബയും ചേർന്ന് പ്രശസ്തമായ 'ഫൈവ് നേഷൻ സ്റ്റഡി' നടത്തി, ഇവ പരിശോധിക്കാൻ :

(i) ഏഷ്യയിലെ രാഷ്ട്രീയ ആധുനികവൽക്കരണം
(ii) ജനാധിപത്യ, ജനാധിപത്യേതര സംസ്ഥാനങ്ങളിലെ രാഷ്ട്രീയ സംസ്കാരം
(iii) ഗ്രാമീണ സമൂഹങ്ങളിലെ രാഷ്ട്രീയ പങ്കാളിത്തം
(iv) സ്വേച്ഛാധിപത്യ ഭരണകൂടങ്ങളിലെ രാഷ്ട്രീയ പെരുമാറ്റം

(A) (i) & (ii)
(B) (iv) മാത്രം
(C) (ii) മാത്രം
(D) മുകളിൽ പറഞ്ഞവയേതുമല്ല

64. താഴെ പറയുന്നവയിൽ ഏതാണ് ഭരണകൂടത്തെക്കുറിച്ചുള്ള ലിബറൽ വീക്ഷണത്തെ ഏറ്റവും നന്നായി വിവരിക്കുന്നത്?

(i) സാമൂഹിക നീതിയും സമത്വവും
(ii) പരിമിതമായ സർക്കാരും വ്യക്തി സ്വാതന്ത്ര്യവും
(iii) സാമ്പത്തിക നിയന്ത്രണവും സാമൂഹിക ക്ഷേമവും
(iv) പൊതു ക്രമവും വ്യക്തിഗത അവകാശങ്ങളും

(A) (iii) മാത്രം
(B) (ii) മാത്രം
(C) (ii) & (iv)
(D) (i) & (iv)

65. 'മൗലിക സമത്വം' പ്രധാനമായും എന്താണ് ഊന്നിപ്പറയുന്നത്?

(i) പശ്ചാത്തലം പരിഗണിക്കാതെ തുല്യ പരിഗണന

(ii) സംസ്ഥാനത്തിന്റെ ഇടപെടൽ ഇല്ലായ്മ

(iii) പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ

(iv) എല്ലാവർക്കും തുല്യ നിയമപരമായ അവകാശങ്ങൾ

(A) (i) & (ii)
(B) (ii) മാത്രം
(C) (iii) മാത്രം
(D) (i) & (iv)

66. താഴെ പറയുന്നവയിൽ രാഷ്ട്രീയ പാർട്ടികളുടെ സവിശേഷത/കൾ ഏതാണ്?

(i) രാഷ്ട്രീയ സാമൂഹികവൽക്കരണം

(ii) ദേശീയ സംയോജനം

(iii) നിയമസാധുത

(iv) മുകളിൽ പറഞ്ഞവയെല്ലാം

(A) (i) & (iii)
(B) (ii) മാത്രം
(C) (ii) & (iv)
(D) (iv)

67. ഇന്ത്യൻ ഉപരാഷ്ട്രപതിയെക്കുറിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) രാജ്യസഭാ ചെയർമാനെ രാജ്യസഭയാണ് തെരഞ്ഞെടുക്കുന്നത്

(ii) പാർലമെന്റിന്റെ ഇരുസഭകളുടെയും അധ്യക്ഷൻ രാജ്യസഭാ ചെയർമാനാണ്

(iii) ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നതിനുള്ള ഇലക്ട്രൽ കോളേജ് രാഷ്ട്രപതിയുടേതിൽ നിന്ന് വ്യത്യസ്തമാണ്

(iv) പാർലമെന്റിന്റെ ഇരുസഭകളിലെയും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ കഴിയും. പക്ഷേ രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ കഴിയില്ല

(A) (i) മാത്രം
(B) (iii) & (iv)
(C) (iii) മാത്രം
(D) മുകളിൽ പറഞ്ഞവയെല്ലാം

68. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യൻ രാഷ്ട്രപതിയുടെ അധികാരങ്ങളുടെ സ്വഭാവത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നത്?

(i) യഥാർത്ഥവും ജനപ്രിയവും

(ii) നാമമാത്രവും, നിയമപ്രകാരവും

(iii) രാഷ്ട്രീയവും നാമമാത്രവും

(iv) ഭരണഘടനാപരവും നാമമാത്രവും

(A) (iii) മാത്രം
(B) (ii) & (iii)
(C) (i) & (iv)
(D) (ii) & (iv)

69. ഇന്ത്യൻ ഭരണഘടന പ്രകാരം, സമ്പത്തിന്റെ കേന്ദ്രീകരണം ഇവയെ ലംഘിക്കുന്നു :
(i) സമത്വത്തിനുള്ള അവകാശം
(ii) സംസ്ഥാന നയത്തിന്റെ നിർദ്ദേശക തത്വങ്ങൾ
(iii) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(iv) ക്ഷേമം എന്ന ആശയം

(A) (i) & (iii)
(B) (ii) & (iv)
(C) (ii) മാത്രം
(D) (i) & (ii)

70. ഇന്ത്യൻ രാഷ്ട്ര നിർദ്ദേശക തത്വങ്ങളിൽ ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്തിരിക്കുന്ന സാമൂഹിക സാമ്പത്തിക നീതിയുടെ സത്തയെ ഏറ്റവും നേരിട്ട് ഉൾക്കൊള്ളുന്ന ആർട്ടിക്കിൾ ഏതാണ്?
(i) ആർട്ടിക്കിൾ 39
(ii) ആർട്ടിക്കിൾ 38
(iii) ആർട്ടിക്കിൾ 43
(iv) ആർട്ടിക്കിൾ 47

(A) (i) & (iii)
(B) (ii) മാത്രം
(C) (ii) & (iv)
(D) (iv) മാത്രം

71. താഴെ കൊടുത്തിട്ടുള്ളവയിൽ മാർക്സിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പെടാത്തത് ഏത്?

(A) വർഗ്ഗസമരം
(B) മിച്ചമൂല്യം
(C) അവസര സമത്വം
(D) സ്വകാര്യ സ്വത്തിന്റെ നിർമ്മാർജ്ജനം

72. താഴെ കൊടുത്തിട്ടുള്ളവരിൽ "നിയമവാഴ്ച" എന്ന ആശയത്തിന്റെ പ്രധാനപ്പെട്ട വക്താവ് ആര്?

(A) ജെ.എസ്സ്. മിൽ
(B) ജോൺ ലോക്ക്
(C) എൽ.ടി. ഹോബ്ഹൗസ്
(D) എ.വി. ഡയസി

73. "ഏറ്റവും വലിയ സംഖ്യയുടെ ഏറ്റവും വലിയ സന്തോഷം" എന്ന വാക്യം താഴെപ്പറയുന്നവയിൽ ഏത് സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഉത്തരാധുനികത
(B) ഉപയുക്തതാവാദം
(C) വ്യക്തിവാദം
(D) സോഷ്യലിസം

74. "ഒരു ഭരണാധികാരി സിംഹത്തെപ്പോലെ ശക്തനും കുറുക്കനെപ്പോലെ കൗശലക്കാരനും ആയിരിക്കണം" എന്ന് അഭിപ്രായപ്പെട്ടതാര്?

(A) കാറൽ മാർക്സ്
(B) മാവോ സേതുങ്
(C) നിക്കോളോ മാക്യവല്ലി
(D) ഫ്രാൻസിസ് ബേക്കൺ

75. ഫാസിസം നിരാകരിക്കുന്ന പ്രധാനപ്പെട്ട തത്വങ്ങൾ ഏതെല്ലാം?
(i) ശ്രേണീബന്ധം
(ii) ജനാധിപത്യം
(iii) വ്യക്തി സ്വാതന്ത്ര്യം
(iv) ലിംഗ സമത്വം

(A) only (i)
(B) only (ii)
(C) only (ii) & (iv)
(D) only (ii), (iii) & (iv)

76. ഒരു സ്ഥാപനത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വെസ്റ്റേൺ ഇലക്ട്രിക്കൽ കമ്പനി നടത്തിയ 'ഹാവ്ത്രോൺ പരീക്ഷണങ്ങൾ' പൊതുഭരണത്തിലെ ഏത് സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മാനേജ്മെന്റ് സിദ്ധാന്തം
(B) മനുഷ്യബന്ധ സിദ്ധാന്തം
(C) പെരുമാറ്റ സിദ്ധാന്തം
(D) സിസ്റ്റം സിദ്ധാന്തം

77. ഡേവിഡ് ഈസ്റ്റന്റെ അഭിപ്രായത്തിൽ, പെരുമാറ്റ സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഉൾപ്പെടാത്തത് ഏതെല്ലാം?

(A) ശുദ്ധ ശാസ്ത്രം
(B) അളവ് നിർണ്ണയം
(C) ക്രമീകരണങ്ങൾ
(D) ശ്രേണീബന്ധം

78. മാക്സ് വെബറുടെ അഭിപ്രായത്തിൽ, താഴെ പറയുന്നവയിൽ ആധുനിക ഉദ്യോഗസ്ഥവൃന്ദത്തിന്റെ സ്വഭാവ സവിശേഷതകൾ ഏതെല്ലാം?
(i) തൊഴിൽ വിഭജനം
(ii) വ്യക്തിതാത്പര്യമില്ലായ്മ
(iii) നിയമപരമായ ക്രമീകരണം
(iv) നിഷ്പക്ഷത

(A) only (i) & (ii)
(B) only (ii) & (iii)
(C) only (ii) & (iv)
(D) ഇവയെല്ലാം ((i), (ii), (iii) & (iv))

79. ഐക്യരാഷ്ട്രസഭയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?
(i) യു.എൻ. സെക്യൂരിറ്റി കൗൺസിലിലെ അസ്ഥിരഅംഗങ്ങളുടെ കാലാവധി രണ്ട് വർഷമാണ്
(ii) അന്തർദ്ദേശീയ നീതിന്യായ കോടതിയുടെ ആസ്ഥാനം നെതർലാൻഡിലെ ദി ഹേഗ് ആണ്
(iii) പഠനത്തിനായി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതു ഉൾപ്പെടെ, വ്യക്തികൾ, കമ്പനികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് യു.എൻ.ഡി.പി. (UNDP) സാമ്പത്തിക സഹായങ്ങൾ വാഗ്ദാനം ചെയ്യുന്നു.

(A) only (i) & (ii)
(B) only (ii) & (iii)
(C) only (ii)
(D) only (iii)

80. G-20 രാജ്യങ്ങളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയുത്തരം കണ്ടെത്തുക :

(i) അന്തർദ്ദേശീയ സാമ്പത്തിക ധനകാര്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ധനമന്ത്രിമാർക്കും, സെൻട്രൽ ബാങ്ക് ഗവർണ്ണർമാർക്കും ഒരു വേദി എന്ന നിലയിലാണ് G-20 ഗ്രൂപ്പ് ആദ്യമായി സ്ഥാപിതമായത്

(ii) G-20 ഗ്രൂപ്പിന് സ്ഥിരമായ ഒരു സെക്രട്ടേറിയേറ്റ് ഇല്ല. കൂടാതെ, മുൻപും, നിലവിലുള്ളതും, ഭാവിയിലേയും പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന "ട്രോയിക്ക" എന്നറിയപ്പെടുന്ന മൂന്ന് അംഗരാജ്യങ്ങളുടെ പിന്തുണയിലാണ് ഈ ഗ്രൂപ്പ് പ്രവർത്തിക്കുന്നത്

(iii) ആഫ്രിക്കൻ യൂണിയന് G-20-ൽ സ്ഥിരാംഗത്വം നൽകണമെന്ന് നിർദ്ദേശം ഇന്ത്യ മുന്നോട്ടു വച്ചു. എല്ലാം അംഗങ്ങളുടെയും ഏകകണ്ഠമായ പിന്തുണ ഈ നിർദ്ദേശത്തിന് ലഭിച്ചതിനാൽ ആഫ്രിക്കൻ യൂണിയന് G-20–യിൽ സ്ഥിരാംഗത്വം നൽകുകയും ചെയ്തു

(A) only (i) & (ii)
(B) only (ii) & (iii)
(C) only (iii)
(D) All of the above ((i), (ii) & (iii))

81. ലാബ്രഡോർ പ്രവാഹത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) ഇത് ഒരു ഉഷ്ണജല പ്രവാഹമാണ്
(ii) ഇത് ഉപ-ധ്രുവ മേഖലയിൽ നിന്നാണ് ഉത്ഭവിക്കുന്നത്
(iii) ഇത് ബാഫിൻ ഉൾക്കടലിലൂടെയും ഡേവിസ് കടലിടുക്കിലൂടെയും ഒഴുകുന്നു
(iv) ഇത് സർഗാസോ കടലിൽ നിന്നാണ് ഉത്ഭവിക്കുന്നത്

(A) (i) മാത്രം
(B) (i), (iv) മാത്രം
(C) (ii), (iii) മാത്രം
(D) (iv) മാത്രം

82. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST) സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) ഇന്ത്യയുടെ മധ്യരേഖയിൽ ($82\frac{1}{2}^\circ$ E) IST കണക്കാക്കുന്നു
(ii) ഇന്ത്യയുടെ മധ്യ അക്ഷാംശത്തിൽ ($23\frac{1}{2}^\circ$ E) IST കണക്കാക്കുന്നു
(iii) GMT യിൽ നിന്ന് 04:30 മണിക്കൂർ മുന്നിലാണ് IST
(iv) 7°30' അല്ലെങ്കിൽ 30 മിനിറ്റിന്റെ ഗുണിതങ്ങളായി IST കണക്കാക്കുന്നു

(A) (i) മാത്രം
(B) (i), (iv) മാത്രം
(C) (ii), (iii) മാത്രം
(D) (ii), (iv) മാത്രം

83. കോണ്ടിനന്റൽ ഡ്രിഫ്റ്റ് സിദ്ധാന്തത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് തെറ്റ്?

(i) 1912-ൽ ആൽഫ്രഡ് വെഗനർ കോണ്ടിനെന്റൽ ഡ്രിഫ്റ്റ് സിദ്ധാന്തം മുന്നോട്ടുവച്ചു

(ii) എല്ലാ ഭൂഖണ്ഡങ്ങളും പാംഗിയ എന്ന ഒരൊറ്റ ഭൂഖണ്ഡത്തിന്റെ രൂപത്തിൽ ഒന്നിച്ചു ചേർന്നു

(iii) 1912-ൽ ഹാരി ഹെസ് ആണ് കോണ്ടിനെന്റൽ ഡിഫ്റ്റ് സിദ്ധാന്തം മുന്നോട്ട് വച്ചത്

(iv) ഇന്നത്തെ വടക്കേ അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവ ഗോണ്ട്വാന ഭൂപ്രദേശത്തിൽ ഉൾപ്പെടുന്നു

(A) (i) മാത്രം
(B) (i), (ii) മാത്രം
(C) (i), (iv) മാത്രം
(D) (iii), (iv) മാത്രം

84. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ വായിക്കുക :

(i) സമുദ്രത്തിലെ മധ്യരേഖാ വരമ്പുകളിലൂടെ സമുദ്രഫലകങ്ങൾ വേർപെട്ട് വിപരീത ദിശകളിലേക്ക് നീങ്ങുമ്പോഴാണ് സൃഷ്ടിപരമായ ഫലകങ്ങളുടെ അരികുകൾ രൂപപ്പെടുന്നത്

(ii) സൃഷ്ടിപരമായ ഫലകങ്ങളുടെ അരികുകളെ കൺവെർജന്റ് ഫലകങ്ങളുടെ അരികുകൾ എന്നും വിളിക്കുന്നു

(iii) സൃഷ്ടിപരമായ ഫലകങ്ങളുടെ അരികുകളെ ഡൈവെർജന്റ് ഫലകങ്ങളുടെ അരികുകൾ എന്നും വിളിക്കുന്നു

(iv) സൃഷ്ടിപരമായ ഫലകങ്ങളുടെ അരികുകളിൽ രണ്ട് ഫലകങ്ങൾ പരസ്പരം കടന്നുപോകുന്നു

ഏത് പ്രസ്താവന/പ്രസ്താവനകൾ ശരിയാണ്?

(A) (i) മാത്രം
(B) (i), (ii) മാത്രം
(C) (i), (iii) മാത്രം
(D) (ii), (iv) മാത്രം

85. താഴെ പറയുന്ന ജോഡികൾ പൊരുത്തപ്പെടുത്തുക :

| അന്തർഭൗമഘടന A | | സ്വഭാവഗുണങ്ങൾ B | |
|---|---|---|---|
| (i) | ബാരിസ്ഫിയർ | (1) | ഇത് ലിത്തോസ്ഫിയറിന് താഴെയായി 80 മുതൽ 200 കിലോമീറ്റർ വരെ ആഴത്തിൽ സ്ഥിതിചെയ്യുന്നു |
| (ii) | പൈറോസ്ഫിയർ | (2) | ഇത് ഭൂമിയുടെ ഉൾഭാഗത്തിന്റെ അകത്തെ മേഖലയെ പ്രതിനിധീകരിക്കുന്നു 2800 കിലോമീറ്റർ മുതൽ വ്യാപിച്ചു കിടക്കുന്നു |
| (iii) | ലിത്തോസ്ഫിയർ | (3) | ഇത് ഭൂമിയുടെ മധ്യമേഖലയാണ് ശരാശരി സാന്ദ്രത 5.6 ആണ് |
| (iv) | എസ്തനോസ്ഫിയർ | (4) | അക്ഷരാർത്ഥത്തിൽ പാറഗോളത്തെ എന്നാണ് അർത്ഥമാക്കുന്നത്. ഇത് ഭൂഖണ്ഡത്തിന്റെ ഖരഭാഗങ്ങളെ പ്രതിനിധീകരിക്കുന്നു |

(A) (i) – (1), (ii) – (4), (iii) – (2), (iv) – (3)
(B) (i) – (2), (ii) – (3), (iii) – (4), (iv) – (1)
(C) (i) – (2), (ii) – (4), (iii) – (3), (iv) – (1)
(D) (i) – (1), (ii) – (2), (iii) – (4), (iv) – (3)

86. ആഗ്നേയശിലകളെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) അവശിഷ്ടങ്ങൾ അടിഞ്ഞുകൂടുന്നതിനാലാണ് ആഗ്നേയശിലകൾ രൂപപ്പെടുന്നത്

(ii) മാഗ്മ അല്ലെങ്കിൽ ലാവയുടെ ഖരീകരണത്തിലൂടെയാണ് ആഗ്നേയശിലകൾ രൂപപ്പെടുന്നത്

(iii) ആഗ്നേയശിലകൾ തരിരൂപത്തിലുള്ളതോ പരൽ രൂപത്തിലുള്ളതോ ആയ പാറകളാണ്

(iv) ആഗ്നേയശിലകൾക്ക് സ്ട്രാറ്റകളോ പാളികളോ ഉണ്ട്

(A) (i) മാത്രം
(B) (i), (iii) മാത്രം
(C) (ii), (iii) മാത്രം
(D) (iii), (iv) മാത്രം

87. താഴെ പറയുന്ന ജോഡികൾ പൊരുത്തപ്പെടുത്തുക :

| രാസാപക്ഷയം A | | സ്വഭാവ ഗുണങ്ങൾ B |
|---|---|---|
| (i) ദ്രാവകീകരണം | (1) | ഓക്സൈഡുകൾ രൂപപ്പെടുത്തുന്നതിന് അന്തരീക്ഷ ഓക്സിജന്റെ പ്രതിപ്രവർത്തന മാണിത് |
| (ii) ഓക്സിഡേഷൻ | (2) | ധാതുക്കളുമായുള്ള കാർബണേറ്റ് അല്ലെങ്കിൽ ബൈകാർബണേറ്റ് അയോണുകളുടെ പ്രതിപ്രവർത്തനമാണിത് |
| (iii) കാർബണേഷൻ | (3) | ജലം ശിലകളിലെ ധാതുക്കളുമായി പ്രവർത്തിച്ച് പുതിയ ധാതുക്കൾ രൂപീകരിക്കുന്നു. ഇത് ശിലകളെ ദുർബലപ്പെടുത്തുന്നു |
| (iv) ജലവിശ്ലേഷണം | (4) | ഇത് പാറകളിൽ നിന്ന് ലയിക്കുന്ന കണികകളുടെയും ധാതുക്കളുടെയും ലയിക്കുന്നതിനെ സൂചിപ്പിക്കുന്നു |

(A) (i) – (4), (ii) – (1), (iii) – (2), (iv) – (3)
(B) (i) – (4), (ii) – (2), (iii) – (1), (iv) – (3)
(C) (i) – (4), (ii) – (3), (iii) – (1), (iv) – (2)
(D) (i) – (1), (ii) – (3), (iii) – (2), (iv) – (4)

88. താഴെ പറയുന്ന പ്രസ്താവനകൾ വായിക്കുക :

(i) രണ്ട് ഹിമാനികളുടെ ആന്തരിക അരികുകളിൽ ഹിമാനികൾ അടിഞ്ഞു കൂടുന്നതിനാലാണ് ലാറ്ററൽ മൊറൈനുകൾ രുപപ്പെടുന്നത്

(ii) ഒരു ഹിമാനിയുടെ ഇരുവശത്തുമുള്ള സമാന്തര വരമ്പുകളാണ് മീഡിയൽ മൊറൈനുകൾ

(iii) ഹിമാനികളുടെ താഴ്വരകളുടെ അടിത്തട്ടിൽ ഹിമാനികൾ അടിഞ്ഞുകൂടുമ്പോൾ ഗ്രൗണ്ട് മൊറൈനുകൾ രൂപപ്പെടുന്നു

(iv) ഹിമാനിയുടെ അഗ്രഭാഗത്ത് ടെർമിനസ് മൊറൈനുകൾ രൂപപ്പെടുന്നു

ഏത് പ്രസ്താവന/പ്രസ്താവനകൾ തെറ്റാണ്?

(A) (i) മാത്രം
(B) (i), (iii) മാത്രം
(C) (ii), (iv) മാത്രം
(D) (i), (ii) മാത്രം

89. യാർഡങ്ങുകളെക്കുറിച്ചുള്ള ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(i) യാർഡങ്ങുകൾ കുത്തനെയുള്ള വശങ്ങളുള്ള ആഴത്തിൽ വെട്ടിമുറിച്ച പാറക്കെട്ടുകളാണ്

(ii) യാർഡങ്ങുകൾ സാധാരണയായി ഇടനാഴിയുടെ തറയിൽ നിന്ന് 8 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്, പക്ഷേ അവ 60 മീറ്റർ ഉയരം വരെ എത്തുന്നു

(iii) ഡിഫ്ലേഷൻ പ്രക്രിയയിലൂടെ മണൽ നീക്കം ചെയ്യുന്നതിനാൽ മരുഭൂമിയിൽ യാർഡങ്ങുകൾ രൂപം കൊള്ളുന്നു

(iv) കാറ്റിനാൽ അടിഞ്ഞുകൂടുന്ന മണൽകൂനകളാണ് യാർഡങ്ങുകൾ

(A) (i), (iii) മാത്രം
(B) (ii), (iii) മാത്രം
(C) (i), (ii) മാത്രം
(D) (iii), (iv) മാത്രം

90. താഴെ കൊടുത്തിരിക്കുന്ന ജോഡികൾ പൊരുത്തപ്പെടുത്തുക :

| അന്തരീക്ഷപാളികൾ A | സ്വഭാവസവിശേഷതകൾ B |
|---|---|
| (i) D പാളി | (1) ഈ പാളി രൂപം കൊള്ളുന്നത് 400 കിലോമീറ്ററും അതിനു മുകളിലുമാണ് മിക്കവാറും പകലും രാത്രിയും നിലനിൽക്കും |
| (ii) E പാളി | (2) ഈ പാളി കുറഞ്ഞ ഫ്രീക്വൻസി റേഡിയോ തരംഗങ്ങളുടെ സിഗ്നലുകളെ പ്രതിഫലിപ്പിക്കുന്നു |
| (iii) F പാളി | (3) ഈ പാളി കെന്നല്ലി ഹെവിസൈഡ് പാളി എന്നു അറിയപ്പെടുന്നു |
| (iv) G പാളി | (4) ഈ പാളിയെ ആപ്പിൾടൺ പാളി എന്നും വിളിക്കുന്നു |

(A) (i) – (2), (ii) – (3), (iii) – (4), (iv) – (1)
(B) (i) – (2), (ii) – (4), (iii) – (1), (iv) – (3)
(C) (i) – (2), (ii) – (1), (iii) – (4), (iv) – (3)
(D) (i) – (4), (ii) – (2), (iii) – (3), (iv) – (1)

91. ശൈത്യകാലത്ത് മാത്രം മഴ ലഭിക്കുന്ന കാലാവസ്ഥാ മേഖല ഏത്?

(A) ഉഷ്ണമേഖലാ സവാന്നാ
(B) ഉഷ്ണമേഖലാ മരുഭൂമികൾ
(C) മിതശീതോഷ്ണമേഖലാ മരുഭൂമികൾ
(D) ഉഷ്ണമേഖലാ മഴക്കാടുകൾ

92. ഇന്തോനേഷ്യയിൽ മാറ്റക്കൃഷി എന്ത് പേരിൽ അറിയപ്പെടുന്നു?

(A) മിൽപ
(B) ലഡാങ്ങ്
(C) റോക്ക
(D) ഝൂമിങ്ങ്

93. ലോകത്തിലെ ഏറ്റവും വലിയ ഇരുമ്പയിര് നിക്ഷേപമുള്ള രാജ്യമേത്?

(A) ചൈന
(B) റഷ്യ
(C) യു എസ് എ
(D) ആസ്ട്രേലിയ

94. കുളു, സ്പിതി എന്നീ താഴ്വരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം ഏത്?

(A) റോഹ്താങ് ചുരം
(B) ഖൈബർ ചുരം
(C) നാഥുലാ ചുരം
(D) സോജിലാ ചുരം

95. ഇന്ത്യയിൽ ഏറ്റവുമധികം ദേശിയോദ്യാനങ്ങൾ ഉള്ള സംസ്ഥാനം ഏത്?

(A) രാജസ്ഥാൻ
(B) മധ്യപ്രദേശ്
(C) കർണ്ണാടക
(D) മഹാരാഷ്ട്ര

96. താഴെത്തന്നിട്ടുള്ളതിൽ ഖാരിഫ് വിള അല്ലാത്തത് ഏത്?

(A) പരുത്തി
(B) കരിമ്പ്
(C) നെല്ല്
(D) ഗോതമ്പ്

97. രഞ്ജിത് സാഗർ അണക്കെട്ട് ഏത് നദിയിലാണ് നിർമ്മിച്ചിട്ടുള്ളത്?

(A) ബിയാസ്
(B) സത്‌ലജ്
(C) രവി
(D) ഝലം

98. ഇന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന വ്യവസായകേന്ദ്രം ഏത്?

(A) സൂരത്
(B) അഹമ്മദാബാദ്
(C) മുംബൈ
(D) അഹമ്മദ്നഗർ

99. വടക്കുകിഴക്കൻ റെയിൽവേയുടെ ആസ്ഥാനം ഏത്?

(A) ഗോരഖ്പൂർ
(B) കൊൽക്കത്ത
(C) ഗുവഹാത്തി
(D) ജൽപായ്ഗുരി

100. താഴെത്തന്നിട്ടുള്ളവയിൽ വച്ച് കേരളത്തിലെ ഏറ്റവും വിസ്തൃതിയുള്ള കണ്ടൽമേഖല ഏത്?

(A) കുഞ്ഞിമംഗലം
(B) കടലുണ്ടി
(C) കുമരകം
(D) മംഗളവനം

---

SPACE FOR ROUGH WORK

SPACE FOR ROUGH WORK